LIBRARY ARCHIVES Kerala Legislative Assembly

മുല്ലശ്ശേരി ഹൈലെവൽ കനാലിന്റെ നിർമ്മാണം

107 [2005] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിലെ ചാഴൂർ-മുല്ലശ്ശേരി ഹൈലെവൽ കനാലിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടംവരെയായെന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഇപ്പോൾ ഏതുവരെയായി ; ഇതിനായി അനുവദിച്ച സംഖ്യ എത്രയാണ് ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി നബാർഡ് അനുവദിച്ച സംഖ്യ എത്രയാണ് ?

ഉത്തരം

(എ) ചാഴൂർ-മുല്ലശ്ശേരി ഹൈലെവൽ കനാൽ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർവ്വെ ജോലികൾ ഏറെക്കുറെ പൂർത്തീകരിച്ചു. സർവ്വെ ജോലി പൂർത്തിയാക്കി ഭൂമി ഏറ്റെടുത്തു കഴിഞ്ഞാൽ പണികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ബി) ഭൂമി ഏറ്റെടുക്കുന്ന ജോലി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഇനിയും 750 മീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുക്കാനുണ്ട്. ഇതിനായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതിക്കായി 4.95 കോടി രൂപ നബാർഡ് അനുവദിച്ചിട്ടുണ്ട്.

തഴക്കര ജില്ലാ ഫാമിന്റെ പുനരുദ്ധാരണം

108 [2006] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര തഴക്കര ജില്ലാ ഫാമിന്റെ പുനരുദ്ധാരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ; ;

(ബി) കൃഷിഫാമുകളിൽ കൂടുതൽ വിത്തുകൾ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) കൃഷി ഫാമുകളോടനുബന്ധിച്ച് പഴം-പച്ചക്കറി തുടങ്ങിയവ ന്യായവിലയ്ക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?